16/06/2020

29/02/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.981(4)/2012/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം. 6077/എസ്.ഐ.സി-ജി 2/2012)*

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എസ്. സതീഷ്,
റിപ്പോർട്ടർ, മാധ്യമം ഡെയ്‌ലി,
"സൗപർണിക", നെന്മാറകോളേജ് പി.ഒ,
പാലക്കാട്- 678 508. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പേഴ്സണൽ അസിസ്റ്റന്റ്,
   ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
   തൃശൂർ.

2. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ആഫീസർ,
   ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയം,
   തൃശൂർ.

} എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ, തൃശൂർ വെസ്റ്റ് ഉപജില്ലയിലെ അവണൂർ ശാന്ത ഹയർസെക്കൻഡറി സ്കൂളിൽ 2010 നവംബർ മുതൽ 2011 മാർച്ച് വരെ ലീവ് വേക്കൻസിയിൽ ജോലി ചെയ്തിരുന്ന എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) യ്ക്ക് ശമ്പളം നൽകി

യതുമായി ബന്ധപ്പെട്ട വിവരങ്ങളും രേഖകളും ചോദിച്ചിട്ട്, അവ്യക്തവും, അപൂർണവുമായ മറുപടിയാണു ലഭിച്ചത് എന്ന താണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 05.07.2012 ൽ കമ്മീഷൻ എതിർക ക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 21.07.2012 ൽ കമ്മീഷന് റിപ്പോർട്ട് നൽകി.

3. 28.12.2011 ലെ വിവരാവകാശ അപേക്ഷയ്ക്ക് 05.01.2012 ൽ മറുപടി നൽകിയിട്ടുള്ളതാണെന്ന് റിപ്പോർട്ടിൽ പറയുന്നു. അപ്പീൽ ഹർജിക്കാരൻ പരാമർശിക്കുന്ന അധ്യാപികയുടെ നിയമനം (08.11.2010 മുതൽ 07.03.2011 വരെ) അംഗീകരിക്കാത്തതിനാലാണ് ശമ്പളം മാറാൻ സാധിക്കാതിരുന്നത്. പ്രസ്തുത കാലഘട്ടത്തിലെ നിയമനം ഒരു ഹിയറിംഗ് നടത്തി B-6/9920/2010 K.Dis dt. 16.07.2012 എന്ന ഉത്തരവു പ്രകാരം ഉത്തരവായിട്ടുള്ളതാണെന്നും, അപേക്ഷ കനെ ബുദ്ധിമുട്ടിക്കുകയോ തെറ്റിദ്ധരിപ്പിക്കുകയോ ചെയ്യുന്ന വിധ ത്തിൽ ഒരു നടപടിയും തന്റെ ഓഫീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായി ട്ടില്ലെന്നും റിപ്പോർട്ടിൽ തുടർന്നു പറയുന്നു.

4. റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ പരിഗണിക്കുമ്പോൾ, ഒന്നാം എതിർകക്ഷി നൽകാൻ കഴിയുന്ന വിവരങ്ങൾ നൽകിയി ട്ടുണ്ട് എന്ന് കമ്മീഷൻ കരുതുന്നു. അതുകൊണ്ട് അപ്പീൽ ഹർജി യിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 29.02.2020 ന് ഉത്തരവാകുന്നു. അപേക്ഷകന് ഇനിയും പരാതി നില

നിൽക്കുന്നുവെങ്കിൽ, ആയത് കമ്മീഷനെ അറിയിച്ചാൽ, പരാതി ഹർജിയായി പരിഗണിക്കുന്നതായിരിക്കും എന്നും കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re